സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

07/2014 ലെ പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക ഒറ്റത്തവണയായി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 516/16/Est-1** നന്തൻകോട്, **04/2/2017**

---

പരാമർശം :- 1) 01-07-2016 ലെ മേൽ നമ്പർ ഉത്തരവ്.
2) തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറിയുടെ 20-12-2016 ലെ 26 -ാം നമ്പർ കത്ത്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 27-12-2016 ലെ DA1069/16/E-4 നമ്പർ റിപ്പോർട്ട്.
4) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 02-02-2017 ലെ FAO 47/17/IAD നമ്പർ അഭിപ്രായം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ജോലി നോക്കി പെൻഷൻപറ്റി പിരിഞ്ഞ ജീവനക്കാർക്ക് പെൻഷൻ പരിഷ്ക്കരണം അനുവദിച്ചിട്ടുള്ളതും ആയതിൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരിൽ 07/2014 ന് മുൻപ് പെൻഷനായവരുടെ പെൻഷൻകുടിശ്ശിക 07/2014 ന് ശേഷം പെൻഷനായവരുടെ പെൻഷൻ കുടിശ്ശിക, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ തുക എന്നിവ 4 തവണകളായി പലിശ സഹിതം നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത് (പരാമർശം -1).

4 ഗഡുക്കളായി നൽകേണ്ടുന്ന പെൻഷൻ കുടിശ്ശികയും ഡി.സി.ആർ. ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷൻ തുകയും ഒറ്റത്തവണയായി നൽകുന്നപക്ഷം പലിശ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം ഡിപ്പാർട്ടുമെന്റിന് ലാഭിക്കുവാൻ സാധിക്കുമെന്നുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടും (പരാമർശം -3) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ലഭിച്ചു (പരാമർശം -4).

ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ചു ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ജോലി നോക്കി പെൻഷൻപറ്റി പിരിഞ്ഞ എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്ര ജീവനക്കാർക്ക് 01-07-2016 ലെ മേൽ നമ്പർ ഉത്തരവ്പ്രകാരം നാല് ഗഡുക്കളായി നൽകേണ്ടുന്ന പെൻഷൻ കുടിശ്ശികയും ഡി.സി.ആർ. ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷൻ തുകയും ഒറ്റത്തവണയായി നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
4. പെൻഷൻ സെക്ഷൻ, ദേവസ്വം ബോർഡാഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK